നടത്തി വരുന്നതിനാൽ ഫോറസ്റ്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മറ്റൊരു അന്വേഷണത്തിന്റെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

63 (1104) വനംകൊള്ളയ്ക്ക് കൂട്ടുനിൽക്കുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംകൊള്ളയുമായി ബന്ധപ്പെട്ട് 1996-2000 കാലഘട്ടത്തിൽ എത്ര ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) 1996-2000 കാലയളവിൽ വനംകൊള്ള സംബന്ധിച്ച എത്ര കേസുകൾ കോടതിയിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വനംകൊള്ളക്കാർ കടത്തിക്കൊണ്ട് വന്ന തടികൾക്ക് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ പണംകൊടുത്ത് കടത്തിക്കൊണ്ടുപോയത് സംബന്ധിച്ച് നിലമ്പൂർ ഡിവിഷന്റെ കീഴിൽ കേസുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര കേസുകൾ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) വനംകൊള്ളയെ സംബന്ധിച്ച് സർക്കാർ പഠനം നടത്തുന്നുണ്ടോ;

(ഇ) വനംകൊള്ള കർശനമായി തടയാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) ഇക്കാര്യത്തിൽ താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.

1. വനാതിർത്തി അളന്ന്തിരിച്ച് സ്ഥിരം ജണ്ടകൾ നിർമ്മിക്കുക

2. ബീറ്റ്, സെക്ഷൻ സംപ്രദായം പുനഃസംഘടിപ്പിച്ച് ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം മെച്ചപ്പെടുത്തുക.

3. വനം വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

4. ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ മുഖേന പൊതുജനങ്ങളെ വനസംരക്ഷണ കാര്യത്തിൽ ബോധവൽക്കരിക്കുക.

5. 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമം കർശനമായി പാലിക്കുക.

6. വനനിയമങ്ങൾ ഫലപ്രദമായി പ്രയോഗിക്കാൻ ഉതകുമാറ് ഭേദഗതി വരുത്താനുള്ള നടപടികൾ എടുക്കുക.

7. വനം കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കുക.

8. കുറ്റങ്ങളെക്കുറിച്ച് അറിവ് നൽകുന്നവർക്ക് പ്രോത്സാഹനമായി റിവാർഡ് നൽകുക.

9. സംരക്ഷണ സേനയ്ക്ക് കൂടുതൽ ആയുധങ്ങളും വാർത്താവിനിമയ ഉപകരണങ്ങളും നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

10. ജനപങ്കാളിത്തത്തോടെ വനസംരക്ഷണം ഉറപ്പുവരുത്തുക.

64 (1105) അന്തർ സംസ്ഥാന സർവ്വീസുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഇവയിൽ തമിഴ്നാട്ടിലേയ്ക്ക് തുടങ്ങിയ സർവ്വീസുകൾ എത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) കർണ്ണാടക സ്റ്റേറ്റിലേയ്ക്ക് തുടങ്ങിയ സർവ്വീസുകൾ എത്ര യാണ്;

(ഡി) ഇതിൽ എത്ര സർവ്വീസുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നു;

(ഇ) എത്ര എണ്ണം നഷ്ടത്തിൽ ഓടുന്നു;

(എഫ്) നഷ്ടത്തിൽ ഓടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തമിഴ്നാട്ടിലേക്കും കർണ്ണാടകത്തിലേക്കുമായി 50 സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മുപ്പത്തിമൂന്ന് സർവ്വീസുകൾ

1. ആലപ്പുഴ-തെങ്കാശി
2. ആലുവ-പൊള്ളാച്ചി
3. ചങ്ങനാശ്ശേരി-തെങ്കാശി
4. ചിറ്റൂർ-കോയമ്പത്തൂർ
5. ചിറ്റൂർ-പൊള്ളാച്ചി
6. കണ്ണൂർ-മധുര
7. കോട്ടയം-തെങ്കാശി
8. ചങ്ങനാശ്ശേരി-വേളാങ്കണ്ണി

കോട്ടയം

9. മലപ്പുറം-ഊട്ടി-ഗൂഡല്ലൂർ
10. കോഴിക്കോട്-ദേവല
11. കോഴിക്കോട്-ഗൂഡല്ലൂർ
12. മൂന്നാർ-കംപം
13. മൂന്നാർ-പാലക്കാട്
14. മൂന്നാർ-പളനി
15. മൂന്നാർ-തേനി

LIBRARY ARCHIVES Kerala Legislative Assembly